**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **04-07-2022 - ൽ മറുപടിയ്ക്ക്**

**കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി ജീവനക്കാർക്കുള്ള പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിക്കുന്നതിന് തൊഴിലും പുനരധിവാസവും വകുപ്പ് തീരുമാനം എടുത്തിരുന്നുവോ; വ്യക്തമാക്കുമോ; | (എ) | കൊരട്ടിയിലെ വൈഗ ത്രെഡ്സ് കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിച്ചിരുന്നു. തുടർന്ന് ടി പാക്കേജുമായി ബന്ധപ്പെട്ട് ബഹു: വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.06.2019ന് ചേർന്ന യോഗത്തിൽ, നിലവിലുള്ള കോടതി വ്യവഹാരത്തിന് ശേഷം ഈ വിഷയം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയാൽ മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ട്. വൈഗ ത്രെഡ്സിന്റെ സമാപ്തീകരണ നടപടികൾ ബഹു: കർണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫിഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലായതിനാൽ കമ്പനിയുടെ മുഴുവൻ ആസ്തികളും നിലവിൽ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. കമ്പനിക്ക് പാട്ടവ്യവസ്ഥയിൽ നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത സർക്കാർ ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു: ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ, മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ കോടതി നടപടികൾ പൂർത്തികരിച്ചതിനുശേഷം മാത്രമേ തൊഴിലാളികൾക്കുള്ള പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | എങ്കിൽ പ്രസ്തുത പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | കൊരട്ടിയിലെ വൈഗ ത്രെഡ്സ് കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാൻ |

| | | | | |
|---|---|---|---|---|
| | | | | കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിച്ചിരുന്നു. തുടർന്ന് ടി പാക്കേജുമായി ബന്ധപ്പെട്ട് ബഹു: വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.06.2019ന് ചേർന്ന യോഗത്തിൽ, നിലവിലുള്ള കോടതി വ്യവഹാരത്തിന് ശേഷം ഈ വിഷയം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയാൽ മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ട്. വൈഗ ത്രെഡ്സിന്റെ സമാപ്തീകരണ നടപടികൾ ബഹു: കർണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫിഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലായതിനാൽ കമ്പനിയുടെ മുഴുവൻ ആസ്തികളും നിലവിൽ ഒഫിഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. കമ്പനിക്ക് പാട്ടവ്യവസ്ഥയിൽ നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദ് ചെയ്തു സർക്കാർ ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു: ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ, മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ കോടതി നടപടികൾ പൂർത്തികരിച്ചതിനുശേഷം മാത്രമേ തൊഴിലാളികൾക്കുള്ള പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ